stofhyd.org

# GLORIA

PRAYER BOOK



## ST. THOMAS ORTHODOX FELLOWSHIP, HYDERABAD

2025

## Malankara Orthodox Syrian Church
## Diocese of Bangalore

## St. Thomas Orthodox Fellowship, Hyderabad

For Private Circulation

# Devotional Songs & Prayers in Malayalam English and Hindi.



STOFHYD

METROPOLITAN

**H.G. GEEVARGHESE MAR PHILOXENOS**
Metropolitan of the Dioceses of Bangalore and Madras

PRIESTS

**ADV. FR. THOMAS OOMMEN**
Vicar

**FR. JAISON JOHN**
Assistant Priest

EXECUTIVES

**MR. DHAVAL PHILIP MATTHEW**
Treasurer

**MR. JOEL P. RAJU**
Secretary

COORDINATORS

**MR. MATTHEW KURIAN**
Fellowship Coordinator

**MR. JOHN JAMES**
Acolytes Coordinator (AMOSS)

**MS. NEAHA SUSAN GEORGE**
Choir Coordinator

**MRS. MEGHA THOMAS**
Prayer Meeting Coordinator

**MS. LIAH ELSA MATTHEW**
Charity Coordinator

**MRS. GEETHA JACOB**
Christian Education Coordinator

**MR. BIJU PHILIP**
Events Coordinator

# GLORIA

PRAYER BOOK

stofhyd.org

EDITED AND DESIGNED BY

**FR. JAISON JOHN**

E-book | First edition

**OCTOBER 2025**

**The Gloria Song and Prayer Book is a trial edition** prepared for our fellowship. It contains a limited selection of songs and short prayers, thoughtfully chosen for prayer meetings and personal devotion.

A full and expanded version will be published later with a wider collection of hymns, liturgical prayers, and devotional songs.

Until then, may this edition serve as a simple companion for worship and reflection, helping us lift our hearts in praise and prayer together.

**St. Thomas Orthodox Fellowship, Hyderabad**



# CHRIST PANTOCRATOR



The oldest known **Icon of Christ Pantocrator,** at Saint Catherine's Monastery, Sinai Desert. (6th century CE). It is an Encaustic (hot wax painting) Icon on a wooden panel, believed to have been created in Constantinople. The dual expression of Christ here is a theological feature of the icon, masterfully depicting the dual nature of Christ as both a Merciful Saviour (left half) and the Righteous Judge (right side).

## 1.
## ആശ്വാസത്തിനുറവിടമാം ക്രിസ്തു

### AASHWAASATHINURAVIDAMAAM KRISTHU

ആശ്വാസത്തിനുറവിടമാം ക്രിസ്തു
നിന്നെ വിളിച്ചിടുന്നു (2)

അദ്ധ്വാനഭാരത്താൽ വലയുന്നോരെ
ആശ്വാസമില്ലാതലയുന്നോരെ
ആണിപ്പാടുള്ള വൻ കരങ്ങൾ
നീട്ടി നിന്നെ വിളിച്ചിടുന്നു (2)...ആശ്വാസ

പാപാന്ധകാരത്തിൽ കഴിയുന്നോരെ
രോഗങ്ങളാൽ മനം തകർന്നവരെ
നിന്നെ രക്ഷിപ്പാൻ അവൻ കരങ്ങൾ
എന്നെന്നും മതിയായവ (2)...ആശ്വാസ

വാതിൽക്കൽ വന്നിങ്ങു മുട്ടിടുന്ന
ആശ്വാസമരുളാൻ വന്നിടുന്ന
അരുമപിതാവിന്റെ ഇമ്പസ്വരം
നീയിന്നു ശ്രവിച്ചിടുമോ (2)...ആശ്വാസ

Aashwaasathinuravidamaam kristhu
Ninne vilichidunnu (2)

Adhwaana bhaarathaal valayunnore
Aashwaasamillathalayunnoore
Aanippadull vankarangal neetti
Ninne vilichidunnu (2)

Paapaandhakaarathil kazhiyunnore
Rogangalaal manam thakarnnavare
Ninne rakshippaan avan karangal
Ennennum mathiyaayava (2)

Vaathilkkal vanningu muttidunna
Aashwaasamarulaan vannidunna
Arumapithaavinte imbaswaram
Neeyinnu sravichidumo (2)

## 2.
## ആരാധിച്ചീടാം കുമ്പിട്ടാരാധിച്ചീടാം

### AARADHICHEEDAM KUMBITTARADHICHEEDAM

ആരാധിച്ചീടാം കുമ്പിട്ടാരാധിച്ചീടാം
ആരാധിക്കുമ്പോൾ അപദാനം പാടീടാം
ആ പൂജിതമാം രക്ഷാനാമം വാഴ്ത്തിപ്പാടാം
ആ പദമലരിൽ താണു വീണു വന്ദിച്ചീടാം
ആത്മനാഥാ ഞാൻ നിന്നിൽ ചേരേണം
എൻ മനസ്സിൽ നീ നീണാൾ വാഴേണം (ആരാധിച്ചീടാം..)

യേശു നാഥാ ഒരു ശിശുവായ്
എന്നെ നിൻറെ മുൻപിൽ നൽകീടുന്നെ
എൻ പാപമേതും മായിച്ചു നീ
ദുഃഖ ഭാരമെല്ലാം മോചിച്ചു നീ
ആത്മാവിൽ നീ വന്നേരമെൻ
കണ്ണീരു വേഗം ആനന്ദമായ് (2) (ആരാധിച്ചീടാം..)

സ്നേഹ നാഥാ ഒരു ബലിയായ്
ഇനി നിന്നിൽ ഞാനും ജീവിക്കുന്നേ
എൻറെതായതെല്ലാം സമർപ്പിക്കുന്നു
പ്രിയയായി എന്നെ സ്വീകരിക്കൂ
അവകാശിയും അധിനാഥനും
നീ മാത്രമേശു മിശിഹായെ (2) (ആരാധിച്ചീടാം..)

Aaradhicheedam Kumbittaradhicheedam
Aaradhikkumpol Apadanam Paadidam
Aa Poojithamam Rakshanaamam Vaazhthipaadam
Aa Paadamalaril Thaanuveenu Vandichidam
Aathmanatha Njaan Ninnil Cherenam
En Manassil Nee Neenal Vazhenam

Yeshu Nadha Oru Shishuvai
Enne Ninte Munpil Nalkeedunnen
En Paapam Ethum Maayichu Nee
Dukha Bharamellam Mochichu Nee
Aathmave Nee Vanneramen
Kanneeru Vegam Aanandamai

Sneha Nadha Oru Baliyaai
Ini Ninnil Njaanum Jeevikkunne
Entethayathellam Samarppikkunnu
Priyanai Enne Sweekarikku
Avakashiyum Adhinathanum
Nee Mathrameesho Mishihaye



## 3.
## ദൈവകൃപയിൽ ഞാനാശ്രയിച്ച്

## DAIVAKRUPAYIL NJANAASHRAYICHE

ദൈവകൃപയിൽ ഞാനാശ്രയിച്ച്
അവൻ വഴികളെ ഞാനറിഞ്ഞ്
അനുഗമിച്ചിടും അവനുടെ ചുവടുകളെ

ഇഹലോകമോ തരികില്ലൊരു സുഖവും മനഃശാന്തിയതും
എന്റെ യേശുവിന്റെ തിരുസന്നിധിയിൽ എന്നും
ആനന്ദമുണ്ടെനിക്ക്

മനോവേദന പല ശോധന മമ ജീവിത പാതയിതിൽ
മാറാതേറിടുമ്പോൾ ആത്മനാഥനവൻ മാറിൽ ചാരി
ഞാനാശ്വസിക്കും

എത്ര നല്ലവൻ മതിയായവൻ എന്നെ കരുതുന്ന കർത്തനവൻ
എന്റെ ആവശ്യങ്ങളെല്ലാം അറിഞ്ഞിടുന്ന ഏറ്റമടുത്ത
സഹായകൻ താൻ

എന്റെ ആയുസ്സിൻ ദിനമാകെയും തന്റെ നാമമഹത്വത്തിനായ്
ഒരു കൈത്തിരിപോൽ കത്തിയെരിഞ്ഞൊരിക്കൽ തിരുമാറിൽ
മറഞ്ഞിടും ഞാൻ.

Daivakrupayil njanaashrayiche avan vazhikale
njaanarinje, Anugamichidum avanude chuvadukale

Ihalokamo tharikilloru sukhavum mana
shaanthiyathum, Ente yeshuvinte thirusannidhiyil
ennum aanandam undenikke
Manovedana pala shodhana mamajeevitha
paathayithil, Maaraatheridumbol aathma
naadhanavan, Maaril chaari njaan aashwasikkum

Ethra nallavan mathiyaayavan enne karuthunna
karthanavan
Ente aavashyangal ellaam arinjidunna
Ettamadutha sahaayakan thaan

Ente aayussil dinamaakeyum thante
naamamahathwathinnaay
Oru kaithiripol kathiyerinjorikkal thirumaaril
maranjidum njaan

## 4.
## ഇന്നയോളം എന്നെ നടത്തി

## INNAYOLAM ENNE NADATHI

ഇന്നയോളം എന്നെ നടത്തി
ഇന്നയോളം എന്നെ നടത്തി
ഇന്നയോളം എന്നെ പുലർത്തി
എന്റെ യേശു എത്ര നല്ലവൻ !
അവൻ എന്നും എന്നും മതിയായവൻ !

എന്റെ പാപ ഭാരമെല്ലാം തന്റെ
ചുമലിൽ ഏറ്റുകൊണ്ട് എനിക്കായ് കുരിശിൽ
മരിച്ചു എന്റെ യേശു എത്ര നല്ലവൻ !

എന്റെ ആവശ്യങ്ങൾ അറിഞ്ഞു
ആകാശത്തിൻ കിളിവാതിൽ തുറന്നു
എല്ലാം സമൃദ്ധിയായ് നൽകിടുന്ന
എന്റെ യേശു നല്ല ഇടയൻ !

മനോ ഭാരത്താൽ അലഞ്ഞു മനോ
വേദനയാൽ നിറഞ്ഞു മനം
ഉരുകി ഞാൻ കരഞ്ഞിടുമ്പോൾ
എന്റെ യേശു എത്ര നല്ലവൻ !

Innayolam Enne Nadathi
Innayolam Enne Pularthi
Ente Yesu Ethra Nallavan
Avan Ennennum Mathiyayavan

Ente Paapa Bhaaramellam
Thante Chumalil Ettu Kondu
Enickay Kurishil Marichu
Ente Yesu Ethra Nallavan

Ente Aavashyangal Arinju
Aakashathin Kili Vaathil Thurannu
Ellaam Samridhiyay Nalkidunna
Ente Yesu Nalla Idayan

Manobharathaal Njaan Alanju
Manovedanayal Niranju
Manamuruki Njaan Karanjidumbol
Ente Yesu Ethra Nallavan



## 5.
## നന്ദിയോടെ ഞാന് സ്തുതി പാടിടും

### NANNIYODE NJAN STHUTHI PAADIDUM

നന്ദിയോടെ ഞാൻ സ്തുതി പാടിടും
എൻറെ യേശു നാഥാ
എനിക്കായ് നീ ചെയ്തോരോ നന്മയ്ക്കും
ഇന്നു നന്ദി ചൊല്ലുന്നു ഞാൻ (നന്ദിയോടെ..)

അർഹിക്കാത്ത നന്മകളും
എനിക്കേകിടും കൃപാനിധേ (2)
യാചിക്കാത്ത നന്മകൾ പോലുമീ
എനിക്കേകിയോനേ സ്തുതി (2) (നന്ദിയോടെ..)

സത്യ ദൈവത്തിൻ ഏക പുത്രനായ്
നിന്നെ വിശ്വസിക്കുന്നു ഞാൻ (2)
വരും കാലം ഒക്കെയും നിൻ
കൃപാവരങ്ങൾ ചൊരികയെന്നിൽ (2) (നന്ദിയോടെ..)

Nanniyode njan sthuthi paadidum Ente Yeshu naadha Enikkay nee cheythororo nanmaykkum Innu nandi chollunnu njan (Nanniyode..)

Arhikkatha nanmakalum Enikkekidum krupanidhe (2) Yachikkatha nanmakal polumee Enikkekiyone sthuthi (2) (Nanniyode..)

Sathya daivathin eka puthranay Ninne vishwasikkunnu njan (2) Varum kaalam okkeyum nin Krupavarangal chorikayennil (2) (Nanniyode..)

## 6.
## നിന് ദാനം ഞാന് അനുഭവിച്ചു

### NIN DAANAM NJAN ANUBHAVICHU

നിൻ ദാനം ഞാൻ അനുഭവിച്ചു
നിൻ സ്നേഹം ഞാൻ രുചിച്ചറിഞ്ഞു

യേശുവേ എൻ ദൈവമേ
നീയെന്നും മതിയായവൻ

യേശു എനിക്കു ചെയ്ത
നന്മകൾ ഓർത്തിടുമ്പോൾ
നന്ദികൊണ്ടെൻ മനം പാടീടുമേ
സ്തോത്രഗാനത്തിൻ പല്ലവികൾ (2) (യേശു..)

ദൈവമേ നിൻറെ സ്നേഹം
എത്ര നാൾ തള്ളി നീക്കി
അന്നു ഞാൻ അന്യനായ്, അനാഥനായ്
എന്നാലിന്നു ഞാൻ ധന്യനായ് (2) (യേശു..)

Nin daanam njan anubhavichu
Nin sneham njan ruchicharinju

Yeshuve en daivame
Neeyennum mathiyayavan

Yeshu enikku cheytha
Nanmakal orthidumbol
Nandikonden manam paadeedume
Sthothraganathin pallavikal (2) (Yeshu..)

Daivame ninte sneham
Ethra naal thalli neekki
Annu njan anyanay, anathanay
Ennalinnu njan dhanyanay (2) (Yeshu..)



# സന്ധ്യാ നമസ്കാരം

### പ്രാരംഭം

**പിതാവിനും പുത്രനും പരിശുദ്ധ റൂഹായുമായ സത്യേക ദൈവത്തിൻറെ തിരുനാമത്തിൽ** തനിക്കു സ്തുതി. ആദിമുതൽ എന്നെന്നേക്കും തന്നെ. ആമീൻ.

**തൻറെ സ്തുതികളാൽ ആകാശവും ഭൂമിയും നിറയപ്പെട്ടിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ** പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ ഉയരങ്ങളിൽ സ്തുതി. ദൈവമായ കർത്താവിൻറെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ഉയരങ്ങളിൽ സ്തുതി.

### കൌമ്മാ

**ദൈവമേ! നീ പരിശുദ്ധനാകുന്നു.**
ബലവാനേ നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കു വേണ്ടി കുരിശിക്കപ്പെട്ടവനേ ഞങ്ങളോടു കരുണ ചെയ്യണമേ. (3 Times)

**ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ മേൽ കരുണയുണ്ടാകേണമേ.** ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ശുശ്രൂഷയും നമസ്കാരവും കൈക്കൊണ്ടു ഞങ്ങളോടു കരുണ ചെയ്യണമേ.

**ദൈവമേ! നിനക്കു സ്തുതി.** സൃഷ്ടാവേ! നിനക്കു സ്തുതി. പാപികളായ നിൻറെ അടിയാരോടു കരുണ ചെയ്യുന്ന മിശിഹാ രാജാവേ! നിനക്കു സ്തുതി, ബാറെക്മോർ.

**സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ!** നിൻറെ തിരുനാമം പരിശുദ്ധമാക്കപ്പെടേണമേ. നിൻറെ രാജ്യം വരേണമേ. നിൻറെ തിരുവിഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ. ഞങ്ങൾക്കു ആവശ്യമുള്ള ആഹാരം ഇന്നു ഞങ്ങൾക്കു തരേണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കേണമേ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളേണമേ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

**കൃപ നിറഞ്ഞ മറിയമേ! നിനക്കു സമാധാനം.** നമ്മുടെ കർത്താവ് നിന്നോടുകൂടെ, നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ ആകുന്നു. നിൻറെ ഉദരഫലമായ നമ്മുടെ കർത്താവീശോമിശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. ശുദ്ധമുള്ള കന്യക മർത്തമറിയമേ! തമ്പുരാൻറെ അമ്മേ! പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണ സമയത്തും ദൈവം തമ്പുരാനോടു അപേക്ഷിച്ചു കൊള്ളേണമേ, ആമ്മീൻ.

അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനേ! അനുകൂലത്തിൻറെ ദിവസത്തിൽ നിൻറെ സൃഷ്ടിയെ നീ പുതുതാക്കേണമേ. കർത്താവേ! നിൻറെ ആശ്രയത്തിൽ മരിച്ചു നിൻറെ വരവിനെ നോക്കി പാർക്കുന്ന ഞങ്ങളുടെ മരിച്ചുപോയവരെ നീ ആശ്വസിപ്പിച്ചു പുണ്ണ്യമാക്കേണമേ. അബ്രഹാമിൻറെയും ഇസ്ഹാക്കിൻറെയും യാക്കൊബിൻറെയും മടിയിൽ അവരെ നീ പാർപ്പിക്കേണമേ. വന്നവനും വരുന്നവനും മരിച്ചവരെ അനുകൂലമാക്കുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവൻ ആകുന്നു എന്നും ശരീരങ്ങളും ആത്മാക്കളും ശരിയായിട്ട് നിലവിളിച്ചു പറയുമാറാകേണമേ.

## പ്രാർത്ഥന

**മോറാൻയേശുമിശിഹാ! നിൻറെ അനുഗ്രഹങ്ങളുടെ വാതിൽ ഞങ്ങളുടെ മുഖങ്ങൾക്കു നേരെ നീ അടക്കരുതെ.** കർത്താവേ! ഞങ്ങൾ പാപികൾ ആകുന്നു എന്ന് ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമേ.

കർത്താവേ! നിൻറെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ടു നിൻറെ സ്നേഹം നിൻറെ ഇടത്തിൽ നിന്ന് ഞങ്ങളുടെ പക്കൽ ഇറക്കി ഞങ്ങളുടെ മേൽ നീ അനുഗ്രഹം ചെയ്യണമേ. ആമ്മീൻ.

**കരുണയുള്ള ദൈവമേ! നിൻറെ വാതിലിൽ ഞങ്ങളുടെ അപേക്ഷയുടെ സ്വരം മുട്ടുന്നു.** നിന്നെ വന്ദിക്കുന്നവരിൽനിന്ന് അവരുടെ ആവശ്യങ്ങളെ നീ വിരോധിക്കരുതേ. ദൈവമേ ഞങ്ങളുടെ ബലഹീനതയുടെ സഹായത്തിനു നിന്നെ ഞങ്ങൾ വിളിക്കുന്നു. നല്ലവനേ! ഞങ്ങളുടെ അപേക്ഷയുടെ സ്വരം കേട്ട് നിൻറെ അനുഗ്രഹങ്ങളാൽ ഞങ്ങളുടെ യാചനകൾ നൽകുമാറാകണമേ.

## മാർ അപ്രേമിൻറെ ബോവൂസ

ഞങ്ങൾക്കുള്ള കർത്താവേ!
ഞാനിഹ നിദ്രയൊഴിഞ്ഞിട്ടു
ഉണർവോടെ നിൻ തിരുമുമ്പിൽ
നില്പാനെനിക്ക് നീ നല്കണമേ.

വീണ്ടും ഞാൻ ഉറങ്ങുന്നാകിൽ
എനിക്കുള്ള എൻറെയുറക്കം
കർത്താവേ! നിൻ തിരുമുമ്പിൽ
ദോഷം കൂടാതാകനമേ.

എന്നുണർച്ചയിൽ ഞാൻ ചതിപെടുകിൽ
നിൻ നന്മയിൽ ഞാൻ പൊറുക്കപെടും
ഉറക്കത്തിൽ ഞാൻ പിഴച്ചെങ്കിൽ
പൊറുപ്പാൻ കരുണ നീ ചെയ്യണമേ.

തവ ക്ഷീണത്തിൽ സ്കീപ്പായാൽ
നല്ലയുറക്കമെനിക്കു നീ താ
ആകാസ്വപ്നമശുദ്ധിയിൽ നി-
ന്നെന്നെ നീ രക്ഷിച്ചു കൊള്ളണമെ.

നിരപ്പു നിറഞ്ഞയുറക്കത്തിൽ
രാവൊക്കെയുമെന്നെ നീ ഭരിക്ക
തണ്യവരും വേണ്ടാനിനവും
എന്നിൽ മുഷ്കരമാക്കല്ലേ.

നിൻറെ അടിയാൻ ഞാനതിനാ-
ലെൻറെ സന്ധികൾ കാപ്പാനായ്
വെളിവിനുടെ മാലാഖായെ
എനിക്കു നീ തരണം കർത്താവേ!

ദ്വേഷതപെട്ടയപെക്ഷയിൽ നി-
ന്നെന്നെ നീ രക്ഷിച്ചു കൊള്ളണമേ
ഉയിർപെട്ട നിൻ ദേഹത്തെ
ഞാൻ അനുഭവിചെന്നതിനാലെ

ഞാൻ ചരിഞ്ഞനുകൂലത്താലുറങ്ങുമ്പോൾ
നിൻറെ ചോരയെനിക്കു കാവൽ
നിൻ മനസ്സിനുടെ സ്വതകർമ്മം
നിൻ കൃപയോടെ നൽകണമേ.

നിൻ കൈമെനെഞ്ഞ ശരീരത്തിൽ
നിൻറെ വലത്തേതാകണമേ
നിൻറെ കരുണകൾ കോട്ടയതായ്
എനിക്കു നീ ചുറ്റിച്ചു കൊള്ളണമേ.

ശരീരമടങ്ങിയുറങ്ങുമ്പോൾ
കാവലതായത് നിൻ ശക്തി
സൌരഭ്യമായ ധൂപം പോ-
ലെൻറെയുറക്കം തിരുമുമ്പിൽ.

നിന്നെ പെറ്റന്നമ്മയുടെ
നിന്നോടുള്ളയപേക്ഷയാലെ
എനിക്കുള്ള ശയനത്തിന്മേൽ
തിന്മപെട്ടവനണയരുതേ.

എനിക്കുവേണ്ടീട്ടുണ്ടായെന്ന
നിനക്കുള്ള പൂജയാലെ
എന്നെ വ്യസനത്തിലാക്കായ്‌വാൻ
സാത്താനെ നീ മുടക്കണമേ.

കർത്താവേ! നിൻ പറഞ്ഞോപ്പ്
എൻറെ പക്കൽ തികയ്ക്കണമേ
നിനക്കുള്ള സ്ലീബായാലെ
എൻറെ ആയുസ്സ് കാക്കണമേ.

ഞാനുണരപ്പെട്ടന്നപ്പോൾ
നിന്നെ ഞാൻ കൊണ്ടാടിടുവാൻ
എൻറെ തളർച്ചയുടെ പക്കൽ
നിൻറെ ഉപവി നീ കാട്ടണമേ.

നിൻ തിരുമനസ്സിനെ ഞാൻ അറിഞ്ഞു
ഞാൻ അതിനെ ചെയ്വാനായി
നിൻ തിരുമനഗുണമതിനാലേ
എനിക്കു നീ മനഗുണം ചെയ്യണമെ

നിരപ്പു നിറഞ്ഞോരന്തിയും
പുണ്യ്യത്വത്തിനുടെ രാവും
ഞങ്ങളുടെ രക്ഷാകരൻ മിശിഹാ
കർത്താവേ അടിയാർക്കു നീ തരിക.

വെളിവിൽ താൻ പ്രകാശിച്ചു
വെളിവിൽ തന്നെ പാർക്കുന്നു
വെളിവിനുടെ സുതരായവരും
നിന്നെത്തന്നെ വന്ദിക്കുന്നു.

നിനക്കു സ്തുതി നിന്നനനുഗ്രഹങ്ങൾ
ഞങ്ങളുടെ മേലുമതാകണമെ
ഇഹലോകത്തിലുമതുപോലെ
പരലോകത്തിലുമാതാകണമെ.

എൻറെ കർത്താവേ! നിനക്കു സ്തുതി
നിനക്കു സ്തുതി സ്തുതി നിനക്കു സ്തുതി
ആയിരങ്ങളുടെ ആയിരവും
അളവുകൂടാതെ നിനക്കു സ്തുതി.

നമസ്ക്കാരം കേൾക്കുന്നവനെ!
യാചനകൾ നല്കുന്നവനെ
ഞങ്ങളുടെ നമസ്ക്കാരം കേട്ടു
യാചനകൾ നല്കീടണമേ.

കുറിയെലായിസ്സോൻ,
കുറിയെലായിസ്സോൻ,
കുറിയെലായിസ്സോൻ.

## 91- 121 മസുമൂറാകൾ

ഉയരപ്പെട്ടവൻറെ മറവിൽ വസിക്കുകയും ദൈവത്തിൻറെ നിഴലിൽ മഹത്വപ്പെടുന്നവനുമേ!

ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവം എൻറെ ശരണവും സങ്കേതസ്ഥലവും എന്ന് കർത്താവിനെകുറിച്ചു നീ പറയുക.

എന്തെന്നാൽ അവൻ വിരുദ്ധത്തിന്റെ കെണിയിൽനിന്നും വ്യർത്ഥസംസാരത്തിൽനിന്നും നിന്നെ രക്ഷിക്കും.

അവൻ അവൻറെ തൂവലുകൾകൊണ്ടു നിന്നെ രക്ഷിക്കും. അവൻറെ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും. അവൻറെ സത്യം നിൻറെ ചുറ്റും ആയുധമായിരിക്കും.

നീ രാത്രിയിലെ ഭയത്തിൽനിന്നും പകൽ പറക്കുന്ന അസ്ത്രത്തിൽ നിന്നും ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിൽ നിന്നും ഉച്ചയിൽ ഊതുന്ന കാറ്റിൽ നിന്നും ഭയപ്പെടുകയില്ല.

നിൻറെ ഒരു ഭാഗത്ത് ആയിരങ്ങളും നിൻറെ വലത്തുഭാഗത്ത് പതിനായിരങ്ങളും വീഴും.

എങ്കിലും അവർ നിങ്കലേക്കു അടുക്കുകയില്ല. എന്നാലോ നിൻറെ കണ്ണുകൾ കൊണ്ടു നീ കാണുക മാത്രം ചെയ്യും. ദുഷ്ടന്മാർക്കുള്ള പ്രതിഭലത്തെ നീ കാണും.

എന്തെന്നാൽ തൻറെ വാസസ്ഥലം ഉയരങ്ങളിലാക്കിയ എൻറെ ശരണമായ കർത്താവ് നീ ആകുന്നു.

ദോഷം നിന്നോടു അടുക്കുകയില്ല. ശിക്ഷ നിൻറെ വാസസ്ഥലത്തിന് സമീപിക്കുകയുമില്ല.

എന്തെന്നാൽ നിൻറെ സകല വഴികളിലും നിന്നെ കാക്കേണ്ടതിനായിട്ട് അവൻ നിന്നെകുറിച്ച് അവൻറെ മാലാഖമാരോടു കൽപ്പിക്കും.

നിൻറെ കാലിൽ നിനക്ക് ഇടർച്ചയുണ്ടാകാതിരിപ്പാൻ അവൻ തങ്ങളുടെ ഭുജങ്ങളിന്മേൽ നിന്നെ വഹിക്കും.

സർപ്പത്തേയും അണലിയെയും നീ ചവിട്ടും. സിംഹത്തിനെയും പെരുമ്പാമ്പിനെയും നീ മെതിക്കും.

അവൻ എന്നെ അന്വേഷിച്ചതുകൊണ്ടു ഞാൻ അവനെ രക്ഷിക്കും. അവൻ എൻറെ നാമം അറിഞ്ഞതുകൊണ്ട് ഞാൻ അവനെ ബലപ്പെടുത്തും.

അവൻ എന്നെ വിളിക്കും. ഞാൻ അവനോടു ഉത്തരം പറയും. ഞെരുക്കത്തിൽ ഞാൻ അവനോടുകൂടെയിരുന്ന് അവനെ ബലപ്പെടുത്തി ബഹുമാനിക്കും.

ദീർഘയുസ്സുകൊണ്ട് ഞാൻ അവനെ ത്രിപ്തിപെടുത്തും. എൻറെ രക്ഷ അവനു ഞാൻ കാണിക്കുകയും ചെയ്യും.

ഞാൻ പർവതത്തിലേക്ക് എൻറെ കണ്ണുകളെ ഉയർത്തും. എൻറെ സഹായക്കാരൻ എവിടെനിന്നു വരും.

എൻറെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ചവനായ കർത്താവിൻറെ സന്നിധിയിൽ നിന്നാകുന്നു.

അവൻ നിൻറെ കാൽ ഇളകുവാൻ സമ്മതിക്കുകയില്ല. നിൻറെ കാവൽക്കാരൻ ഉറക്കം തൂങ്ങുകയുമില്ല.

എന്തെന്നാൽ ഇസ്രായേലിന്റെ കാവൽക്കാരൻ കർത്താവാകുന്നു. കർത്താവു നിൻറെ വലത്തുകൈകൊണ്ടു നിനക്ക് നിഴലിടും.

പകൽ ആദിത്യനും രാത്രിയിൽ ചന്ദ്രനും നിന്നെ ഉപദ്രവിക്കുകയില്ല.

കർത്താവു സകല ദോഷങ്ങളിൽനിന്നും നിന്നെ കാത്തുകൊള്ളും. കർത്താവ് നിൻറെ ആത്മാവിനെ കാത്തുകൊള്ളും.

അവൻ നിൻറെ ഗമനത്തെയും ആഗമനത്തേയും ഇതുമുതൽ എന്നേക്കും പരിപാലിക്കും. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

**ഉയരപ്പെട്ടവന്റെ മറവിലിരിക്കുന്നവനായ കർത്താവേ!** നിൻറെ അനുഗ്രഹത്തിൻറെ ചിറകുകളുടെ നിഴലിൽകീഴിൽ ഞങ്ങളെ മറച്ച് ഞങ്ങളോടു കരുണയുണ്ടാകേണമേ.

സകലവും കേൾകുന്നവനെ! നിൻറെ അനുഗ്രഹത്താൽ നിൻറെ അടിയാരുടെ അപേക്ഷ നീ കേൾക്കേണമേ.

മഹത്വമുള്ള രാജാവും ഞങ്ങളുടെ രക്ഷകനായ ഈശോമിശിഹാ! നിരപ്പു നിറഞ്ഞിരിക്കുന്ന സന്ധ്യയും പുണ്ണ്യമുള്ള രാവും ഞങ്ങൾക്കു നീ തരേണമേ!

ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്കു നോക്കികൊണ്ടിരിക്കുന്നു. ഞങ്ങളുടെ കടങ്ങളും ദോഷങ്ങളും പാപങ്ങളും നീ പുണ്ണ്യമാക്കി ഈ ലോകത്തിലും ആ ലോകത്തിലും ഞങ്ങളോടു കരുണ ചെയ്യണമേ.

കർത്താവേ! നിൻറെ കരുണ ഞങ്ങളെ മറച്ച് നിൻറെ കൃപ ഞങ്ങളുടെ മുഖങ്ങളിൽ നിൽക്കണമേ. നിൻറെ സ്ലീബാ+ ദുഷ്ടനിൽനിന്നും അവൻറെ സൈന്യങ്ങളിൽനിന്നും ഞങ്ങളെ കാത്തുകൊള്ളണമേ.

ഞങ്ങൾ ജീവനോടെയിരിക്കുന്ന നാളുകൾ ഒക്കെയും നിൻറെ വലതുകൈ ഞങ്ങളുടെ മേൽ ആവസിപ്പിക്കേണമേ. നിൻറെ നിരപ്പു ഞങ്ങളുടെ ഇടയിൽ വാഴേണമേ. നിന്നോടു അപേക്ഷിക്കുന്ന ആത്മാക്കൾക്ക് ശരണവും രക്ഷയും നീ ഉണ്ടാക്കേണമേ.

നിന്നെ പ്രസവിച്ച മറിയാമിന്റെയും നിൻറെ സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ ദൈവമേ! ഞങ്ങളുടെ കടങ്ങൾക്കു നീ പരിഹാരമുണ്ടാക്കി ഞങ്ങളോടു കരുണ ചെയ്യണമേ.

**എന്നേക്കും തൻറെ ഇടത്തിൽനിന്ന് കർത്താവിൻറെ ബഹുമാനം വാഴ്ത്തപ്പെട്ടതാകുന്നു +**
എന്നേക്കും തൻറെ ഇടത്തിൽ നിന്ന് കർത്താവിൻറെ ബഹുമാനം വാഴ്ത്തപ്പെട്ടതാകുന്നു +
എന്നേക്കും തൻറെ ഇടത്തിൽ നിന്ന് കർത്താവിൻറെ ബഹുമാനം വാഴ്ത്തപ്പെട്ടതാകുന്നു +

**വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.**
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ, കൃപയുണ്ടായി ഞങ്ങളോടു കരുണയുണ്ടാകേണമേ.

**നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളതാകുന്നു.**
നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളതാകുന്നു.
നീ എന്നേക്കും വിശുദ്ധിയുള്ളവനും നിൻറെ തിരുനാമം വാഴ്ത്തപ്പെട്ടതുമാകുന്നു.

**ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി.**
ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി.
എന്നേക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി.
ബാറെക്മോർ.

## വിശ്വാസപ്രമാണം

**സർവശക്തിയുള്ള പിതാവായ ആകാശത്തിൻറെയും ഭൂമിയുടെയും** കാണപ്പെടുന്നവയും കാനപ്പെടാത്തവയുമായ സകലത്തിന്റെയും സൃഷ്ടാവായ സത്ത്യമുള്ള ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

**ദൈവത്തിൻറെ ഏക പുത്രനും** സർവലോകങ്ങൾക്കും മുമ്പേ പിതാവിൽ നിന്നു ജനിച്ചവനും, പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോട് സമത്ത്വമുള്ളവനും, തന്നാൽ സകലവും നിർമിക്കപ്പെട്ടവനും മനുഷ്യരായ നമുക്കും നമ്മുടെ രക്ഷക്കും വേണ്ടി സ്വർഗത്തിൽ നിന്നു ഇറങ്ങി + വിശുദ്ധ റൂഹായാൽ ദൈവമാതാവായ വിശുദ്ധ കന്യകമരിയാമിൽ നിന്നും ശരീരിയായി + തീർന്ന് മനുഷ്യനായി, പോന്തിയോസ് പീലാത്തോസിൻറെ ദിവസങ്ങളിൽ നമുക്കുവേണ്ടി + കുരിശിൽ തറയ്ക്കപ്പെട്ടു, കഷ്ടമനുഭവിച്ചു മരിച്ചു അടയ്ക്കപ്പെട്ട്, തിരുമാനസ്സായ പ്രകാരം മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു സ്വർഗത്തിലേക്ക് കരേറി തൻറെ പിതാവിൻറെ വലത്തു ഭാഗത്തിരുന്നവനും ജീവനുള്ളവരേയും മരിച്ചവരെയും വിധിപ്പാൻ തൻറെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും, തൻറെ രാജ്യത്തിന് അവസാനമില്ലാത്തവനും ആയ യേശുമിശിഹാ ആയ ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്നു പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനും ആയ, ജീവനും വിശുദ്ധിയും ഉള്ള ഏക റൂഹായിലും, കാതോലികവും ശ്ലൈഹീകവും ആയ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനു മാമോദീസ ഒന്നു മാത്രമേയുള്ളൂ എന്നു ഞങ്ങൾ ഏറ്റു പറഞ്ഞ്, മരിച്ചുപോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു.

ആമ്മീൻ
ബാറെക്മോർ
സ്തൌമേൻ കാലോസ്
കുറിയെലായിസ്സോൻ.

**ശുദ്ധമുള്ള ബാവാ, ശുദ്ധമുള്ള നിൻറെ തിരുനാമത്താൽ ഞങ്ങളെ കാത്തുകൊള്ളേണമേ.** രക്ഷിതാവായ പുത്രാ! ജയമുള്ള നിൻറെ സ്ലീബായാൽ + ഞങ്ങളെ മറച്ചുകൊള്ളേണമേ. ശുദ്ധമുള്ള റൂഹാ ശുദ്ധമുള്ള നിൻറെ കുടിയിരിപ്പിന്റെ ഭവനങ്ങൾ ആയി ഞങ്ങളെ ചമയ്ക്കേണമേ. ദൈവമായ കർത്താവേ! നേരമോക്കെയിലും കാലമോക്കെയിലും എല്ലാ സമയങ്ങളിലും നിൻറെ ദൈവത്വത്തിന്റെ ചിറകിൻ കീഴിൽ എന്നേക്കും ഞങ്ങളെ മറച്ചുകൊള്ളേണമേ. അമ്മീൻ.



# SANDHYA PRAARTHANA

**Pithavum Puthranum parishudha roohayumaaya sathyeka daivathinte thirunaamathil,** thanikku sthuthi. Njangaludemel thante karunayum mano
gunavum ennekkum undayirikkatte. Amen.

**Aakaashavum bhoomiyum thante sthuthikal kondu niranjirikkunna balavaanaaya daivamthampuraan** parishudhan, parishudhan, parishudhan, uyarangalil sthuthi. Daivamaaya Karthaavinte thirunaamathil vannavanum varunnavanum aayavan vaazthappettavanaakunnu, uyarangalil sthuthi.

**Daivame! nee parishudhanaakunnu.**
Balavaane! nee parishudhanaakunnu.
Maranamillaathavane! nee parishudhanaakunnu.
Njangalkkuvendi kurishikkappettavane! +
Njangalude mel karunayundaakaname. (3 times)

**Njangalude Karthaave! njangalodu karuna cheyyaname.** Njangalude Karthaave! krupayundayi njangalodu karuna cheyyaname. Njangalude Karthaave! njangalude shushrooshayum praarthanakalum kaikkondu njangalodu karuna cheyyaname.

**Daivame ninakku sthuthi.** Srishtaave ninakku sthuthi. Paapikalaaya adiyaarodu krupa cheyyunna masiha raajaave! ninakku sthuthi. Barekmor.

**Swargasthanaaya njangalude pithaave!** ninte naamam parishudhamaakkappedename. Ninte raajyam varaname. Ninte thiruvishtam swargathile ppole bhoomiyilum aakaname. Njangalkku aavashyamayirikkunna aahaaram innu njangalkku tharaname. Njangalude kadakkarodu njangal kshami
chathupole njangalude kadangalum paapangalum njangalodu kshamikkename. Pareekshayilekku njangale praveshippikkaruthe. Pinneyo dushtanilninnum njangale rakshichukollaname. Enthukondennaal rajyavum shaktiyum mahatwavum ennekkum ninakkullathaakunnu. Amen.

**Krupa niranja mariyame! ninakku samaadhaanam.** Njangalude Karthaavu ninnodu koode. Sthreekalil nee vaazthappettavalaakunnu. Ninte udharaphalamaaya njangalude Karthaav eshu mashiha vaazthappettavanaakunnu. Daivamaathaavaaya Vishudha Kanyaka Martha Mariyaame! ippozhum eppozhum njangalude marana samayathum paapikalaaya njangal kkuvendi apekshichukollaname. Amen.

**Anugrahangal niranjirikkunavane!** anukoolathinte diva sathil ninte srushtiye nee puthanaakki anukoola maakkaname. Karthaave! ninte aashrayathe kurichu marichu ninte varavinaayi nokki ppaarkunna njanga lude marichu poyavare nee punyamaakkaname. Abrahaaminteyum, Isahaakkinteyum, Yaacobinteyum madiyil avare nee paarppikkaname. Vannavanum varunnavanum marichavare anukoola maakunnavanum aayavan vazthapettavanaakunnu ennu sareerangalum aatmaakkalum seriyaayittu nilavilichu parayumaarakaname.

**Moran Yeshumishiha ninte anugrahangalude vaathil njangalude mukhangalkku nere nee adaykkaruthe.** Karthave njangal papikalakunnu ennu njangal ettupara yunnu. Njangaludemel anugraham cheyyaname.

Karthaave ninte maranathaal najngalude maranam maanjupokuvaanayittu ninte sthaanathu ninnu njangalude adukkalekku ninne erakki njangalodu
krupayundaakaname.

**Karunayulla daivame ninte vaathilil njangalude apekshayute swaram muttunnu.** Ninne vandhikkunnavarude aavashyangale nee virodhikkaruthe. Daivame, balaheenathayude sahaayathinu ninne njangal vilikkunnu. Nallavane, njangngalude apekshayude swaramkettu ninte karunayaal njangalude yaachanakal nalkumaaraakename, Amen.

## Boovoso, Mar Aprem

Njangalkkulla Karthave!
Njaniha nidrayozhinjittu
Unarvode nin thirumunpil
Nilpanenikku nee nalkename.

Veendum njan urangunnankil
Enikkulla enteyurakkam
Karthave! Nin thirumunpil
Dosham koodathakename.

Ennunarchayil njan chathipedukil
Nin nanmayil njan porukkapedum
Urakkathil njan pizachenkil
Poruppan karuna nee cheyyaname.

Thava ksheenathil skeepayal
Nallayurakkamenikku nee thaa
Akaswapnamashudhiyil nin- nenne
nee rakshichu kollaname.

Nirappu niranjayurakkathil
Ravokkeyumenne nee bharikka
Thanyavarum venda ninavum
Ennil mushkaramakkalle.

Ninte adiyan njanathina
lente sandhikal kappanay
Velivinude malakhaye
Enikku nee tharanam Karthave

Dveshathapettayapekshyil nin
nenne nee rakshichu kollaname
Uyirpettanin dehathe
Njan anubhavichennathinale

Njan charinjanukoolathalurangumpol
Ninte chorayenikku kaval
Nin manassinude swathakarmam
Nin krupayode nalkaname.

Nin kaimenenja shareerathil
Ninte valathethakaname
Ninte karunakal kottayathay
Enikku nee chuttichu kollaname.

Shareeramadangiyurangumpol
Kavalathayathu nin shakthi
Saurabhyamaya dhoopam pol
enteyurakkam thirumunpil.

Ninne pettannammayude
Ninnodullayapekshayaale
Enikkulla shayanathinmel
Thinmapettavananayaruthe.

Enikkuvendeettundayenna
Ninakkulla poojayale
Enne vyasanathilakkayvan
Sathane nee mudakkaname.

Karthave! Nin paranjoppu
Ente pakkal thikaykkaname
Ninakkulla sleebayaale
Ente aayussu kakkaname.

Njanunarappettannappol
Ninne njan kondadeeduvan
Ente thalarchayude pakkal
Ninte upavi nee kaattaname.

Nin thirumanassine njan arinju
Njan athine cheyvanayi
Nin thirumanagunamathinale
Enikku nee managunam cheyyaname.

Nirappu niranjaoranthiyum
Punnyathwathinude ravum
Njangalude rakshakaran Mishiha Karthave
adiyarkku nee tharika.

Velivil than prakashichu
Velivil thanne parkkunnu
Velivinude sutharayavarum
Ninnethenne vandikkunnu.

Ninakku sthuthi ninnanugrahangal
Njangalude melumathakaname
Ihalokathilumathupole
Paralokathilumathakaname.

Ente Karthave! Ninakku sthuthi
Ninakku sthuthi sthuthi ninakku sthuthi
Aayirangalude aayiravum
Alavukoodathe ninakku sthuthi.

Namaskaram kelkunnavane!
Yachanakal nalkunnavane
Njangalude namaskaram kettu
Yachanakal nalkeedaname.

Kurielaison. Kurielaison. Kurielaison.

## Masmoora (Psalms) 91-121

Barekmor! Uyarappettavante maravil irukkunnavanum, Daivathinte nizhalil mahatwa pedunnavanume!

Barekmor! Njaan aashrayichirikkunna Daivavum ente sharanavum, ente sanketha sthalavumennu Karthaavinekurichu nee parayuka.

Enthennaal avan virudhathinte keniyil ninnum vyartha samsaarathil ninnum nee veendukollum.

Avan avante thoovalukondu ninne rekshikkum. Avante chirakukalude keezhil nee marakkappedum. Avante sathyam ninte chuttum aayudhamaayirikkum.

Nee rathriyile bhayathil ninnum pakal parakkunna asthrathilninnum irittil sancharikkunna mahamariyil ninnum uchayil oothunna kaattil ninnum bhayapedukayilla.

Ninte oru bhaagathu aayirangalum ninte valathu bhaagathu pathinaayirangalum veezhum.

Enkilum avar ninkalekku adukkukayilla. Ennaallo ninte kannukalkondu nee kanuka maathram cheyyum. Dushtanmarkkulla prathiphalathe nee kaanum.

Enthennal thante swantha vasa sthalam uyarangalil ayirikunnu enna ente sharanamaaya karthaavu nee aakunnu.

Dosham ninnodu adukkukayilla. Siksha ninte vaasasthalathine sameepikkayumilla.

Enthennaal ninte sakala vazhikalum ninne kaakkendathinu avan ninnekkurichu avante maalakhamaarodu kalppikkum.

Ninte kaalil ninakku edarcha bhavikathirippaan avan thangalude bhujangalil mel ninne vahikkum.

Sarppatheyum, analiyeyum nee chavittum. Simhatheyum perumpaampineyum nee methikkum.

Avan enne annveshichathu kondu njaan avane rekshichu balappeduthum. Ente naamam arinjathukondu avane enne vilikkum.

Njaan avanodu utharam parayum. Njerukkathil njaan avanodu koode irinnu avane balappeduthi bahumaanikkum.

Deerkaayussu kondu njaan avane thruptipeduthum. Ente raksha avane njaan kaanikkukayum cheyyum.

Njaan parvathathilekku ente kannukale uyarthum. Ente sahayakkaaran evide ninnu varum.

Ente sahaayam aakaashavum bhoomiyum srushticha karthaavinte sannidhiyil ninnaakunnu.

Avan ninte kaal ilakuvaan sammathikkukayilla. Ninte kaavalkaaran urakkam thoongukayumilla.

Enthennaal israelinte kaavalkkaaran urakkam thoongunnumilla, urangunnumilla.

Karthaavu ninte kaavalkaaranakunnu. Karthaavu thante valathu kaikondu ninakku nizhalidum.

Pakal aathiyenkilum, raathriyil chandran enkilum ninne upadravikku kayilla.

Karthaavu sakala dhoshangalil ninnum ninne kaathu kollum. Karthhavu ninte aatmaavine kaathukollum.

Avan ninte gamanatheyum ninte aagamanatheyum ithumuthal ennekkum kaathukkollum.

Daivame sthuthi ninakku yogyamaakunnu.
Barekmor.

**Uyarappettavante maravilirikkunnavanaaya Karthaave!** ninte anugrahathinte chirakukalude nizhalin keezhil njangale marachu njangalodu karuna cheyyaname.

Sakalavum kelkkunnavane! ninte anugrahathaal ninte adiyaarude apeksha kelkkaname.

Mahatvamulla rajavaayi njangalude rakshakanaaya masiha nirappu niranjirikkunna sandhyayum punyamulla raavum njangalkku nee tharename.

Njangalude kannukal ningalekku nokkikondirikkunnu. Njangalude kadangalum paapangalum nee punyappeduthi yee lokathilum aa loka thilum njangalodu karuna cheyyaname.

Karthaave ninte karuna njangale marachu ninte krupa njangalude munpil nilkkaname. Ninte sleeba + dushtanil ninnum avante sainyangalil ninnum njangale kaathukollaname.

Njangal jeevanodirikunna nalukal okeyum ninte valuthukai njangalhudemel avasipikename, Ninte krupa njangalhude idayil vazhumarakaname. Ninnod apekshukunna atmakalku saranavum rekshayum undakaname.

Ninte prasavicha Mariaminteyum, Ninte sakala parishudhanmarudeyum praarthanayaal, Daivame, njangalhude kadangalku pariharam undakki, njangalhude mel anugraham cheyyename. Amen.

**Karthaavinte bahumaanam thante sthaanatthuninnu ennekkum vaaztthappettathaakunnu + (3 Times)**

**Visudhiyum mahathvavumulla thrithvame njangalodu karuna undaakaname**

Visudhiyum mahathvavumulla thrithvame njangalodu karuna undaakaname
Visudhiyum mahathvavumulla thrithvame! krupayundaayi njangalodu karunayundaakaname.

**Nee ennekkum vishudhiyum mahathvavum ullavanaakunnu.**
Nee ennekkum vishudhiyum mahatvavum ullavanaakunnu.
Nee ennekkum vishudhiyum ninte thirunaamam vazthapettathumaakunnu.

**Njangalude karthaave! ninakku sthuthi**
Njangalude karthaave ninakku sthuthi.
Ennekkum njangalude sharanavume ninakku sthuthi.
Barekmor.

Lord's Prayer
Hail Mary

## THE NICENE CREED

**Sarvashaktiyulla pithaavaayi aakaashathinteyum bhoomiyudeyum** kaanappedunnavayum kaanappedaatha vayumaaya sakalathinteyum srushtaa vaaya sathyamulla eka daivathil njangal vishwasikkunnu.

**Daivathinte eka puthranum** sarvalokangalkkumumbe pithaavil ninnu janichavanum, prakaashathil ninnulla prakaashavum sathya daivathil ninnulla sathya daivavum, janichavanum srushtiyallaathavanum, saaraam shathil pithaavinodu onnayirikkunnavanum sakalavum than mukhandiramaayi nirmichavanum, manushyaraaya njangalkkum njangalude raksha kkuvendi thirumanasaaya prakaaram + swargathil ninnu irangi vishudha roohayil ninnum, daivamaathaavaaya vishudha kanyaka mariyaamil ninnum shareeriyaayi theernnu manushyanaayi ponthiyos pilathosinte divasangalil njangalkkuvendi kurushil tharakkappettu + kashtam anubhavichu marichu adakkappettu moonnaam divasam uyarthezhunettu swargathilekku kareri thante pithaavinte valathu bhaagathu irunnavanum jeevanullavareyum marichavareyum vidhippan thante valiya mahathathode inniyum varuvanirikkunavanum, thante rajyathinnu avasaanamillathavanumaaya yeshu mishiha aya eka karthaavilum njangal vishwasikkunnu.

**Sakalatheyum jeevippikkunna karthaavum,** pithaavil ninnu purappettu, pithavinodum puthranodum koode vannikkappettu sthuthikkapedunnavanum nibiyenmaarum sleehanmaarum mukhantiram samsaarichavanumaaya jeevanum vishudhiyumulla eka roohayilum, caatholikavum slaikika vumaya eka vishudha sabhayilum njangal vishwasikkunnu.

Paapa mochanathinu maamodeesa onnu maathrameyullu ennu njangal ettuparanju, marichupoyavarude uyirppum, varuvaanirikkunna lokathile puthiya jeevanumaayi njangal nokkippaarkkunnu. Amen.
Barekmor.
Staumen Kalos.
Kurielaison.

**Shudhamulla Bava, shudhamulla ninte thirunaamathaal njangale kathukollename.** Rakshithavaya Puthra! Jayamulla ninte sleebayaal + njangale marachukollename. Shudhamulla Ruha, shudhamulla ninte kudiyirippinte bhavanangal aayi njangale chamaykkename. Daivamaya Karthave! Neramokkeyilum kalamokkeyilum ella samayangalilum ninte daivathwathinte chirakin keezhil ennekum njangale marachukollename. Amen.



**In the name of the Father, and of the Son and of the Holy Spirit, one true God.** + Glory to Him; and may His grace and mercy be upon us forever. Amen.

**Holy, Holy, Holy Lord God Almighty, by whose glory, the heaven and the earth are filled;** Hosanna in the Highest.
Blessed is He who has come, and is to come in the name of the Lord God: Glory be to Him in the Highest.

**Holy art Thou, O God**
Holy art Thou, Almighty
Holy art Thou, Immortal,
**† Crucified for us, Have mercy on us. (3 times)**

**Lord, have mercy upon us**
Lord, be kind and have mercy
Lord, accept Thou our office
And our entreaties have mercy on us.

**Glory be to Thee, O God**
Glory be to Thee, O Creator
Glory be to Thee, O King, Christ who does pity sinners, Thy servants. Barekmor.

**Our Father, who are in heaven,** Hallowed be Thy name; Thy kingdom come; Thy will be done on earth, as it is in heaven. Give us this day our daily bread, and forgive us our debts and sins, as we also have forgiven our debtors. Lead us not into temptation; but deliver us from the evil one. For Thine is the kingdom, the power and the glory, forever and ever. Amen.

**Hail Mary, full of grace,** Our Lord is with thee; blessed art thou among women, and blessed is the fruit of thy womb, out Lord Jesus Christ. O virgin Saint Mary, O mother of God, pray for sinners, now and at all times, and at the hour of our death. Amen.

**पिता पुत्र पवित्रात्मा रूपी सत्यक परमेश्वर के पवित्र नाम में तेरी स्तुति हो।** हम पर उसकी करुणा एवं कृपा सदा सर्वदा बनी रहे। आमीन।

**जिस की महिमा से स्वर्ग और पृथ्वी परिपूर्ण है वही** + **शक्तिशाली परमेश्वर** पवित्र, पवित्र, पवित्र है, स्वर्ग लोक में प्रभु की जय। वह धन्य है जो परमेश्वर प्रभु के पवित्र नाम से आया है और आने वाला है, स्वर्ग लोक में प्रभु की जय। +

**हे परमेश्वर! तू पवित्र है।**
हे शक्तिशाली! तू पवित्र है।
हे मृत्यु विहीन! तू पवित्र है।
हमारे लिए क्रूसित प्रभु हम पर करुणा करें। (×3)

**हमारे प्रभु! हम पर करुणा करें।**
हमारे प्रभु! कृपया हम पर करुणा करें।
हमारे प्रभु! विनती एवं सेवा स्वीकार करके हम पर करुणा करें।

**हे परमेश्वर! तेरी स्तुति हो।**
हे सृजनहार! तेरी स्तुति हो। अपने पापी दासों पर करुणा करनेवाले मसीह राजा तेरी स्तुति हो।
बारेकमोर।

**स्वर्ग में विराजमान हमारे पिता!** तेरा नाम पवित्र माना जाये। तेरा राज्य आये। तेरी इच्छा जैसे स्वर्ग में पूरी होती है, वैसे पृथ्वी पर भी पूरी हो। हमारे दिन-भर की रोटी आज हमें दे। हमारे अपराध क्षमा कर, जैसे हम दूसरों के अपराध क्षमा करते हैं। हमें परीक्षा में न डाल, वरन् शैतान से बचा। क्योंकि राज्य, पराक्रम और महिमा सदा तेरी ही है।
आमीन।

**हे कृपापूर्ण मरियम, तुझे शांति।** हमारा प्रभु तेरे साथ है। तू स्त्रियों में धन्य है। तेरे गर्भ का फल, हमारा प्रभु यीशु मसीह धन्य है। हे संत मरियम! पवित्र कुँवारी! ईश्वर की माता, हम पापियों के लिए अब, सदा और हमारी मृत्यु के समय भी प्रार्थना कर। आमीन।

STOFHYD

stofhyd.org

**PRAYER BOOK**

For Personal Prayers

For Private Circulation

**Devotional Songs & Prayers in**
Malayalam, Malayalam Transliteration,
English and Hindi.

# GLORIA

## ST. THOMAS ORTHODOX FELLOWSHIP, HYDERABAD

